(സി) അപകടാവസ്ഥയിലുള്ള ഫ്ലാറ്റുകൾ പുനർനിർമ്മിച്ച നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഭവന നിർമ്മാണ ബോർഡ്, ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ അലോട്ട് ചെയ്തു കഴിഞ്ഞാൽ കെട്ടിടങ്ങൾക്ക് കാലാകാലങ്ങളിൽ വരുന്ന അറ്റകുറ്റപ്പണികൾ നടത്തേണ്ടത് ഫ്ലാറ്റുടമകളും, ഫ്ലാറ്റ് കെട്ടിട സമുച്ചയവുമായി ബന്ധപ്പെട്ട പൊതു ഇടങ്ങളിലെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടത് ഫ്ലാറ്റ് ഉടമകളുടെ അസോസിയേഷനുമാണ്.

**സംസ്ഥാനത്തെ ഭവന നിർമ്മാണ പദ്ധതികൾ**

365(4375) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് പ്രാബല്യത്തിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയെയും സംബന്ധിച്ച് വിശദവിവരം നൽകാമോ?

(എ&ബി) സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് മുഖേനയും വിവിധ വകുപ്പുകൾ മുഖേനയും നടപ്പിലാക്കി വരുന്ന വിവിധ ഭവന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വീടുകൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം**

366(4376) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ 2016-21 കാലയളവിൽ ദുരന്തങ്ങളിൽ വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ച എത്ര പേർക്ക് സാമ്പത്തിക സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും ആയതിന് എത്ര രൂപ ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2016-21 കാലയളവിലെ ദുരന്തങ്ങളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 2114 പേർക്ക് 2,95,61,900 (രണ്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി അറുപത്തി ഒന്നായിരത്തി തൊള്ളായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്.

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly